# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം: 657 — 11.12.2012-ൽ മറുപടിക്ക്

## കേന്ദ്ര പദ്ധതികളും സംസ്ഥാനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ഡോ. ടി.എം.തോമസ് ഐസക്<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സാഹചര്യങ്ങൾ അനുകൂലമല്ലാത്തതിനാൽ കേന്ദ്ര പദ്ധതികൾ സംസ്ഥാനത്ത് പുതുതായി വരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) കേന്ദ്ര പ്രതിരോധ വകുപ്പു മന്ത്രിയും ഇക്കാര്യം പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുള്ളത് പരിഗണിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) സംസ്ഥാനത്തിന് നേടിയെടുക്കാൻ സാധിച്ച കേന്ദ്ര പൊതുമേഖലാ സംയുക്ത വ്യവസായ സംരംഭങ്ങളുടെ വികസനം ഇപ്പോൾ ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (സി) സാധിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;<br>(1) കാസർഗോഡ് ജില്ലയിലെ കിൻഫ്രയുടെ വ്യവസായ പാർക്കിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള Hindustan Aeronautics Ltd. എന്ന പൊതുമേഖലാ സ്ഥാപനത്തിന് അവരുടെ ഏവിയോണിക്സ് വിഭാഗം സ്ഥാപിക്കുന്നതിന് 200 ഏക്കർ ഭൂമി കിൻഫ്ര അലോട്ട് ചെയ്തിട്ടുണ്ട്.<br><br>(2) കൊച്ചിയിൽ കിൻഫ്ര ഹൈടെക് പാർക്കിൽ സ്ഥാപിച്ചിട്ടുള്ള BEL ന്റെ യൂണിറ്റ് കൊച്ചി ഷിപ്പിയാർഡ്, കാക്കനാടുള്ള കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള NPOL, KELTRON എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഒരു അനുബന്ധ സപ്പോർട്ട് സെന്റർ ആയിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിക്കായി 6.02 ഏക്കർ ഭൂമി |

കിൻഫ്ര അലോട്ട് ചെയ്യുകയും അവരുടെ ഒന്നാംഘട്ട പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(3) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കിൻഫ്ര വ്യവസായ പാർക്കിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ BEML ന് അവരുടെ റെയിൽ/ഡിഫെൻസ് ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട ഒരു ഉല്പാദന കേന്ദ്രം ആരംഭിക്കുന്നതിനായി 374.58 ഏക്കർ ഭൂമി കിൻഫ്ര കൈമാറുകയും BEML അവരുടെ ഒന്നാംഘട്ട പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് എല്ലാം തന്നെ അവരുടെ വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാവിധ പശ്ചാത്തല സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും കിൻഫ്ര ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ എല്ലാം തന്നെ അവരുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ഡി) പുതുതായി അനുവദിക്കപ്പെട്ട പ്രതിരോധ വകുപ്പിന്റേതായ എത്ര സ്ഥാപനങ്ങളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത് ; പുതുതായി ഏതെങ്കിലും സ്ഥാപനങ്ങൾക്ക് വേണ്ടി സംസ്ഥാനം ശ്രമം നടത്തുകയുണ്ടായോ ; | (ഡി) പ്രതിരോധ മന്ത്രാലയത്തിനു കീഴിൽ NIRDESH പ്രോജക്ടാണ് (കോഴിക്കോട്, ചാലിയം) പുതിയ സംരംഭം. കേരളത്തിൽ ഓർഡനൻസ് ഫാക്ടറി ആരംഭിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു. |
| (ഇ) കേന്ദ്രമന്ത്രിയുടെ വിമർശനം ഉൾക്കൊള്ളാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ ; എങ്കിൽ എന്തെല്ലാം സാഹചര്യങ്ങളിലാണ് മാറ്റം വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (ഇ) സംയുക്ത സംരംഭങ്ങളുടെ പ്രവർത്തനത്തിനും വികസനത്തിനും ആവശ്യമായ എല്ലാ സഹായവും സർക്കാർ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.